REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 09-08-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ വയനാട്ടിലെ മുണ്ടക്കൈ - ചൂരൽമല ദുരന്ത ബാധിത മേഖല സന്ദർശിക്കും.**
- **വയനാട്ടിലെ സൂചിപ്പാറ, കാന്തൻപാറ വെള്ളച്ചാട്ടത്തിന് സമീപത്തു നിന്ന് നാലു മൃതദേഹങ്ങൾ കൂടി കണ്ടെത്തി. കേന്ദ്ര സംഘം അൽപസമയത്തിനകം വയനാട്ടിലെത്തും.**
- **വയനാട് പുനരധിവാസ പദ്ധതിക്ക് പ്രതിപക്ഷത്തെയും ഉൾപ്പെടുത്തി ഉന്നതതല സമിതി രൂപീകരിക്കണമെന്ന് കോൺഗ്രസ്.**
- **മന്ത്രിസഭാ ഉപസമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് BJP.**
- **ക്വിറ്റ് ഇന്ത്യ സമരത്തിൽ പങ്കെടുത്തവർക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ആദരാഞ്ജലി അർപ്പിച്ചു.**

## വാർത്തകൾ വിശദമായി

**പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ വയനാട്ടിലെ മുണ്ടക്കൈ - ചൂരൽമല ദുരന്ത ബാധിത മേഖല സന്ദർശിക്കും. ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവരെ നേരിൽ കാണുന്ന പ്രധാനമന്ത്രി അവരുമായി സംവദിക്കുകയും ചെയ്യും. രാവിലെ ഡൽഹിയിൽ നിന്ന് വ്യോമസേനയുടെ പ്രത്യേക വിമാനത്തിൽ പുറപ്പെടുന്ന പ്രധാനമന്ത്രി പതിനൊന്നരയോടെ കണ്ണൂർ**

വിമാനത്താവളത്തിലെത്തും. 11.25 ന് വിമാനത്താവളത്തിൽ നിന്ന് ഹെലികോപ്റ്ററിൽ പുറപ്പെടുന്ന അദ്ദേഹം 12 മണിയോടെ കൽപറ്റയിലെ ഹെലിപാഡിലിറങ്ങും. അവിടെ നിന്ന് റോഡ് മാർഗ്ഗം ദുരന്തബാധിത പ്രദേശത്തെത്തും. വൈകിട്ട് മൂന്ന് വരെ അദ്ദേഹം നിരീക്ഷണവും നടത്തും. മൂന്നേമുക്കാലോടെ ഹെലികോപ്റ്ററിൽ കണ്ണൂരിലെത്തി അദ്ദേഹം ഡൽഹിയിലേക്ക് മടങ്ങും.

സന്ദർശനത്തിന്റെ ഭാഗമായി നാളെ രാവിലെ 10 മുതൽ വയനാട് ജില്ലയിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയതായി ജില്ലാ പോലീസ് മേധാവി അറിയിച്ചു. കൽപ്പറ്റ, മേപ്പാടി ടൗണുകളിൽ വാഹനങ്ങൾ പാർക്ക് ചെയ്യാൻ പാടില്ല. ഇവിടേക്ക് ആംബുലൻസ് ഉൾപ്പെടെ അത്യാവശ്യ വാഹനങ്ങൾ മാത്രമാണ് കയറ്റിവിടുക.

✪✪✪

അതീവ സുരക്ഷയുടെ ഭാഗമായി തടസ്സമില്ലാത്ത ടെലികോം സേവനം ഒരുക്കുന്നതിന് ഇന്നും നാളെയും കണ്ണൂർ ജില്ലയിലെ റോഡ് കുഴിക്കുന്നത് നിരോധിച്ചു. ജില്ലാ കലക്ടറാണ് ഉത്തരവ് നൽകിയത്.

✪✪✪

ഉരുൾപൊട്ടൽ ദുരന്തം വിതച്ച വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിൽ കാണാതായവർക്കു വേണ്ടി തെരച്ചിൽ തുടരുന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്

...........വോയ്സ്...........

✪✪✪

വയനാട്ടിലെ സൂചിപ്പാറ, കാന്തൻപാറ വെള്ളച്ചാട്ടത്തിന് സമീപത്തു നിന്ന് നാലു മൃതദേഹങ്ങൾ കൂടി കണ്ടെത്തി. NDRF-ഉം വനംവകുപ്പും സംയുക്തമായി നടത്തിയ തെരച്ചിലിലാണ് മൃതദേഹങ്ങൾ കണ്ടെടുത്തത്. മൃതദേഹങ്ങൾ എയർലിഫ്റ്റ് ചെയ്യും.

✪✪✪

മുണ്ടക്കൈ ചൂരൽമല ദുരന്തത്തിൽ കാണാതായവർക്കായി തിരച്ചിൽ നടത്തുന്നതിന് സേനാംഗംങ്ങളെ ബത്തേരിയിൽ നിന്ന് എയർ ലിഫ്റ്റ് ചെയ്തു. 30 അംഗ സംഘമാണ് തെരച്ചിലിനായി സൂചിപ്പാറ മേഖലയിലേക്ക് തിരിച്ചത്.

✪✪✪

അതിനിടെ, വയനാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ അസാധാരണ മുഴക്കം കേട്ടതായി റിപ്പോർട്ടുകൾ പറയുന്നു. അമ്പലവയൽ എടക്കൽ മാളിക പ്രദേശങ്ങളിലും മുഴക്കം കേട്ടതായാണ് വിവരം. പരിഭ്രാന്തരാകേണ്ട സാഹചര്യമില്ലെന്ന് അധികൃതർ അറിയിച്ചു..

✪✪✪

ഉരുൾപൊട്ടൽ ദുരന്ത മേഖല സന്ദർശിക്കാൻ കേന്ദ്ര സംഘം അൽപ്പസമയത്തിനകം വയനാട്ടിലെത്തും. കേന്ദ്ര ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറിയും ഇന്റർ

മിനിസ്റ്റീരിയൽ സെൻട്രൽ ടീം ലീഡറുമായ രാജീവ് കുമാറിന്റെ നേതൃത്വത്തിലാണ് സംഘം വയനാട് സന്ദർശിക്കുന്നത്.

ദുരന്തബാധിത പ്രദേശങ്ങൾ നേരിൽ കാണുന്ന സംഘം വൈകീട്ട് SKMJ സ്കൂളിൽ സംസ്ഥാന ഗവൺമെന്റ് പ്രതിനിധികളുമായി ചർച്ച നടത്തും.

✪✪✪

വയനാട് പുനരധിവാസ പദ്ധതിക്ക് പ്രതിപക്ഷ MLA മാരെയും വിദഗ്ധരെയും ഉൾപ്പെടുത്തി ഉന്നതതല സമിതി രൂപീകരിക്കണമെന്ന് കോൺഗ്രസ് ആവശ്യപ്പെട്ടു. ദുരന്തം നേരിട്ട എല്ലാ വിഭാഗക്കാരെയും മുന്നിൽകണ്ട് മാതൃകാപരമായ രൂപരേഖ തയ്യാറാക്കണമെന്ന് KPCC പ്രസിഡന്റ് K. സുധാകരൻ പറഞ്ഞു. പുനരധിവാസത്തിന് നീക്കിവെക്കുന്ന തുക ദുരന്തബാധിതർക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും വേണം.

വയനാട്ടിലെ മുൻകാല ദുരന്തങ്ങളിൽപെട്ടവർക്ക് ഉണ്ടായ അനുഭവം മുണ്ടക്കൈയിലും, ചൂരൽമലയിലും ഉണ്ടാവരുതെന്ന് K. സുധാകരൻ പറഞ്ഞു. പുത്തുമല, കവളപ്പാറ, പെട്ടിമുടി, എന്നിവിടങ്ങളിലെ പലർക്കും ഇപ്പോഴും ആനുകൂല്യം കിട്ടാനുണ്ടെന്ന് സുധാകരൻ ഓർമ്മിപ്പിച്ചു.

✪✪✪

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ മന്ത്രിസഭാ ഉപസമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് BJP സംസ്ഥാന പ്രസിഡന്റ് K.സുരേന്ദ്രൻ കുറ്റപ്പെടുത്തി. ദുരന്തഭൂമി

സന്ദർശിക്കുകയല്ല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയാണ് വേണ്ടതെന്ന് അദ്ദേഹം തൃശൂരിൽ പറഞ്ഞു.

ദുരിതാശ്വാസ നിധിക്കെതിരെ ആരോപണം ഉയരുന്നത് ഗവൺമെന്റിന്റെ തെറ്റായ നയം കൊണ്ടാണെന്നും K.സുരേന്ദ്രൻ അഭിപ്രായപ്പെട്ടു. വയനാട് ഉരുൾപൊട്ടലിലെ ദേശീയ ദുരന്തമായി പ്രഖ്യാപിക്കുകയല്ല വിഷയമെന്നും ദുരിതാശ്വാസ-പുനരധിവാസ കാര്യങ്ങൾ ശരിയായ രീതിയിൽ നടപ്പാക്കുകയാണ് ചെയ്യേണ്ടതെന്നും അദ്ദേഹം പറഞ്ഞു. അതിന് കേന്ദ്രം വേണ്ടത് ചെയ്യുന്നുണ്ടെന്നും സുരേന്ദ്രൻ വ്യക്തമാക്കി.

✪✪✪

ഉരുൾപൊട്ടൽ മേഖലയിലെ ജനങ്ങൾക്കായി ഇന്ന് മുതൽ സർട്ടിഫിക്കറ്റ് ക്യാമ്പുകൾ നടത്തും. നഷ്ടപ്പെട്ട രേഖകൾ വീണ്ടെടുക്കുന്നതിനാണ് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ രാവിലെ 10 മുതൽ വൈകിട്ട് 5 വരെ പ്രത്യേക സർട്ടിഫിക്കറ്റ് ക്യാമ്പുകൾ നടത്തുന്നത്.

✪✪✪

മന്ത്രി A.K. ശശീന്ദ്രൻ കോഴിക്കോട് ജില്ലയിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശമായ വടകര വിലങ്ങാട് സന്ദർശിച്ചു. ദുരിതാശ്വാസ ക്യാപും മന്ത്രി സന്ദർശിച്ചു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി മന്ത്രി ചർച്ച നടത്തി. കൃഷിമന്ത്രി P. പ്രസാദും പ്രതിപക്ഷ നേതാവ് V.D സതീശനും ഉച്ചക്ക് ശേഷം ദുരിതബാധിതമേഖല സന്ദർശിക്കും.

✪✪✪

മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ക്വിറ്റ് ഇന്ത്യ സമരത്തിൽ പങ്കെടുത്തവർക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ആദരാഞ്ജലി അർപ്പിച്ചു. ക്വിറ്റ് ഇന്ത്യാ സമരം സ്വാതന്ത്ര്യസമരത്തിന് ഊർജ്ജം പകർന്ന പ്രസ്ഥാനമായിരുന്നുവെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ വിശേഷിപ്പിച്ചു.

കൊളോണിയൽ ഭരണത്തിൽ നിന്ന് ഇന്ത്യയെ സ്വാതന്ത്ര്യത്തിലെത്തിക്കാൻ ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം നിർണായക പങ്ക് വഹിച്ചതായി പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

സ്വാതന്ത്ര്യ ദിനത്തിന് മുന്നോടിയായി സാമൂഹിക മാധ്യമങ്ങളിലെ പ്രൊഫൈൽ ചിത്രങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ത്രിവർണ്ണ പതാകയിലേക്ക് മാറ്റി. ഹർ ഘർ തിരംഗ കാമ്പെയ്നെ ഒരിക്കൽ കൂടി അവിസ്മരണീയമാക്കാൻ പ്രധാനമന്ത്രി ആവശ്യപ്പെട്ടു.

എല്ലാവരും സാമൂഹ്യ മാധ്യമ പ്രൊഫൈൽ ചിത്രങ്ങൾ ത്രിവർണ പതാകയുമായി ബന്ധപ്പെട്ടാതാക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു.

✪✪✪

ഹർ ഘർ തിരംഗ ദേശീയ പ്രചാരണത്തിന്റെ ഭാഗമായി BJP അസംബ്ലി മണ്ഡല തലത്തിൽ ഈ മാസം 11 മുതൽ 13 വരെ തിരംഗ യാത്രകൾ നടത്തും. 12 മുതൽ 14 വരെ തിയതികളിൽ സ്വാതന്ത്ര്യസമര പോരാളികളെ ആദരിക്കുകയും ഹാരമണിയിക്കുകയും ചെയ്യുകയും യുദ്ധ സ്മാരകങ്ങൾ

അലങ്കരിക്കുയും ചെയ്യും. ഓഗസ്റ്റ് 14-ന് വിഭജന അനുസ്മരണ ദിനവും ആചരിക്കുമെന്ന് പാർട്ടി ദേശീയ ജനറൽ സെക്രട്ടറി തരുൺ ഛുഗ് ഡൽഹിയിൽ അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് കോൺഗ്രസ് പ്രവർത്തകർ ഇന്ന് ക്വിറ്റ് ഇന്ത്യാ ദിനം ആചരിക്കുന്നു. KPCC യുടെ ആഭിമുഖ്യത്തിൽ -ക്വിറ്റ് ഇന്ത്യാ അനുസ്മരണം- രാവിലെ തിരുവനന്തപുരത്ത് ഇന്ദിരാഭവനിൽ കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു.

✪✪✪

തദ്ദേശീയ ജനതയുടെ അന്തർദേശീയ ദിനാഘോഷത്തിന് തിരുവനന്തപുരം പെരിങ്ങൻമലയിൽ തുടക്കമായി. ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ ആചരിക്കുന്ന തദ്ദേശീയ ജനതയുടെ അന്തർദേശീയ ദിന പരിപാടികൾ മന്ത്രി O.R കേളു ഉദ്ഘാടനം ചെയ്തു. തദേശീയ ജനതയുടെ അന്തർദേശീയ ദിന സന്ദേശം ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ നൽകി.

✪✪✪

16-ാമത് ദേശീയ കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പ് തിരുവനന്തപുരം കാര്യവട്ടത്ത് ആരംഭിച്ചു. മൂന്ന് ദിവസത്തെ ചാമ്പ്യൻഷിപ്പ് ഞായറാഴ്ച സമാപിയ്ക്കും.

✪✪✪

തിരുവനന്തപുരത്തെ കഴക്കൂട്ടം - കടമ്പാട്ടുകോണം സെക്ഷനിൽ എട്ടിടത്തു കൂടി മേൽപാലങ്ങളും അടിപ്പാതകളും

അനുവദിച്ചതായി കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി അറിയിച്ചു. സെക്ഷനിലെ നിർമ്മാണ പ്രവൃത്തികൾ 34 ശതമാനം പൂർത്തിയായതായി അദ്ദേഹം ലോക്സഭയിൽ പറഞ്ഞു.

✪✪✪

തിരുവനന്തപുരം കോർപ്പറേഷന്റെ ട്രയൽ റൺ നടക്കുന്ന RDF പ്ലാന്റ് മന്ത്രി M.B രാജേഷ് സന്ദർശിച്ചു. വേർതിരിക്കാത്ത മാലിന്യം സംസ്കരിച്ച് ഇന്ധനമാക്കി മാറ്റുന്ന സംവിധാനമാണ് RDF.

✪✪✪

സംസ്ഥാനത്ത് നാളെ മുതൽ മഴ വീണ്ടും ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്.

✪✪✪

ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം തയ്യാറാക്കിയ കേരള തീരദേശ പരിപാലന പ്ലാൻ ഇന്ന് ചീഫ് സെക്രട്ടറി ഡോ. വേണുവിന് സമർപ്പിക്കും. കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച 2019 ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമാണ് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെ ഗവൺമെന്റ് ചുമതലപ്പെടുത്തിയത്.

✪✪✪

മുപ്പത്തിയൊന്നാമത് SSF കണ്ണൂർ ജില്ലാ സാഹിത്യോത്സവിന് പാനൂരിൽ തുടക്കമായി. ഉഴവർ വാഴ്ക സാഹിത്യ ക്യാമ്പിന് ഇന്ന് തുടക്കമാവും.

✪✪✪

യാത്രക്കിടയിൽ ഉണ്ടായ സംഘർഷത്തെ തുടർന്ന് വാട്സ് ആപ്പ് ഗ്രൂപ്പിലൂടെ പ്രഖ്യാപിച്ച കുറ്റ്യാടി - കോഴിക്കോട് റൂട്ട് ബസ് പണിമുടക്ക് സംബന്ധിച്ച് സംസ്ഥാന മനുഷ്യവകാശ കമ്മീഷൻ കേസെടുത്ത് റിപ്പോർട്ട് തേടി.

കാലിക്കറ്റ് ബസ് പാസഞ്ചേർസ് അസോസിയേഷൻ നൽകിയ പരാതിയുടെയും മാധ്യമ വാർത്തകളുടെയും അടിസ്ഥാനത്തിൽ കമ്മീഷൻ ജുഡീഷ്യൽ അംഗം K.ബൈജുനാഥാണ് അന്വേഷണത്തിന് ഉത്തരവിട്ടത്. ജില്ലാ കളക്ടർ, നോർത്ത് സോൺ I.G, റീജിയണൽ റോഡ് ട്രാൻസ്പോർട്ട് കമ്മീഷണർ എന്നിവർ 14 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

✪✪✪

ഹയർ സെക്കൻഡറി അതിഥി അധ്യാപക നിയമന പരിധി 56 വയസ്സായി നിജപെടുത്തിയത് പുന:പരിശോധിക്കണമെന്ന് കോഴിക്കോട്ട് ചേർന്ന രാഷ്ട്രഭാഷാ വേദി സംസ്ഥാന ഉന്നതതല യോഗം ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. പ്രായപരിധി 60 വയസ്സ് വരെയെങ്കിലും ഉയർത്തണമെന്ന ആവശ്യവും യോഗം ഉന്നയിച്ചു.

✪✪✪

മാലിന്യം കളയുന്നതിനായി കായലിനരികിലേക്ക് പോയ പ്ലസ്-വൺ വിദ്യാർത്ഥിനി കായലിൽ വീണു. കൊച്ചി നെട്ടൂരിലെ

ഫിദയാണ് അപകടത്തിൽപെട്ടത്. കുട്ടിക്കായി തെരച്ചിൽ തുടരുകയാണ്.

✪✪✪

പന്നിപ്പനി സ്ഥിരീകരിച്ച കണ്ണൂർ നടുവിൽ പഞ്ചായത്തിലെ സ്വകാര്യ വ്യക്തിയുടെ ഫാമിലെ 50 പന്നികളെ ഉന്മൂലനം ചെയ്തു. ജില്ലാ മൃഗസംരക്ഷണ വകുപ്പിന്റെ മേൽനോട്ടത്തിലാണ് നടപടികൾ പൂർത്തിയാക്കിയത്. 140 പന്നികളാണ് ഫാമിലുണ്ടായിരുന്നത്.

✪✪✪

മൂന്നാറിലെ ജനവാസ മേഖലയിൽ വീണ്ടും കാട്ടാന ഇറങ്ങി. ചെണ്ടുവരൈ എസ്റ്റേറ്റിലാണ് പടയപ്പയെന്ന കാട്ടാന ഇറങ്ങി കൃഷിനാശം ഉണ്ടാക്കിയത്.

✪✪✪